പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1367

12.7.2011 ൽ മറുപടിയ്ക്ക്

## ഉത്സവ സീസണുകളിൽ അവശ്യവസ്തുക്കളുടെ വിതരണം

**ചോദ്യം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ ;

എ) മുൻ സർക്കാർ എല്ലാ ഉത്സവ സീസണിലും പൊതുവിതരണ ശൃംഖലകൾ വഴി അവശ്യ വസ്തുക്കൾ വളരെ വില കുറച്ച് നൽകിയ നടപടി ഇത്തവണയും തുടരുമോ;

ബി) എങ്കിൽ അവശ്യ വസ്തുക്കൾ പ്രസ്തുത സഹകരണ സ്ഥാപനങ്ങൾ വഴിയായിരിക്കുമോ വിതരണം ചെയ്യുന്നത് ;

സി) പ്രസ്തുത ചന്തകൾ എന്നുമുതലാണ് ആരംഭിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

ശ്രീ. റ്റി.എം. ജേക്കബ്
(ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) യും (ബി) യും (സി) യും

സിവിൽ സപ്ലൈസ് കോർപ്പറേഷൻ ശരാശരി 50% കുറഞ്ഞ നിരക്കിൽ ഇപ്പോൾ തന്നെ അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്. കൺസ്യൂമർഫെഡ് സ്വന്തം യൂണിറ്റുകളിലൂടെയും സഹകരണ സംഘങ്ങൾ നടത്തുന്ന പ്രത്യേക വിപണന കേന്ദ്രങ്ങൾ വഴിയും ഇപ്രാവശ്യവും ഓണം, റംസാൻ എന്നിവയോടനുബന്ധിച്ച് അവശ്യ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതാണ്. ഒന്നാം ഘട്ടമായി 2011 ജൂലൈ 10 മുതൽ സെപ്റ്റംബർ 8 വരെ 62 ദിവസം നടത്തുന്ന ജില്ലാതല സഹകരണ മേളകളിലൂടെയും, രണ്ടാം ഘട്ടമായി ജൂലൈ 20 മുതൽ സെപ്റ്റംബർ 8 വരെ 52 ദിവസങ്ങളിൽ 140 നിയോജകമണ്ഡലാസ്ഥാനങ്ങളിലും നടത്തുന്ന വിപുലമായ ഓണം വിപണിയിലൂടെയും 20 ഇനം നിത്യോപയോഗ സാധനങ്ങളും, ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 8 വരെ 41 ദിവസം നടത്തുന്ന 3000 വിപണന കേന്ദ്രങ്ങളിലൂടെ റംസാൻ, ഓണം സ്പെഷ്യൽ വിഭവങ്ങൾ ഉൾപ്പെടെ 40 ഇനം നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുന്നുണ്ട്. റംസാന് തൊട്ടുമുമ്പുള്ള 10 ദിവസം 12 ഇനം റംസാൻ സ്പെഷ്യൽ ഇനങ്ങളും ഓണത്തിന് തൊട്ടുമുമ്പുള്ള 10 ദിവസങ്ങളിൽ 6 ഇനം ഓണം സ്പെഷ്യൽ ഇനങ്ങളും എല്ലാ വിപണന കേന്ദ്രങ്ങളിലൂടെയും ലഭ്യമാക്കുന്നതാണ്. പൊതുവിപണിയെക്കാൾ 15% മുതൽ 40% വരെ വിലകുറവിലാണ് അവശ്യ നിത്യോപയോഗ സാധനങ്ങൾ വിപണനം നടത്തുന്നത്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഓണം-റംസാൻ മാർക്കറ്റുകൾ 26.8.2011 മുതൽ ആരംഭിക്കും.

സെക്ഷൻ ഓഫീസർ